## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 287 | 26.02.2018 ൽ മറുപടിയ്ക്ക് |
|---|---|
| **ട്രാൻസ്ജെൻഡർ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.രാജു എബ്രഹാം<br>,, ഐ.ബി. സതീഷ്<br>,, റ്റി.വി.രാജേഷ്<br>,, എം നൗഷാദ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ട്രാൻസ്ജൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>1. ട്രാൻസ്ജെന്ററുകൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം<br>2. അദ്ധ്യാപകർ, പോലീസ്, ആരോഗ്യവകുപ്പ് എന്നീ ഉദ്യോഗസ്ഥർക്ക് ട്രാൻസ്ജെന്റർ ബോധവൽക്കരണ പരിപാടി<br>3. ട്രാൻസ്ജെന്ററുകൾക്ക് ഡ്രൈവിംഗ് പരിശീലനം<br>4. ട്രാൻസ്ജെന്ററുകൾക്ക് നൈപുണ്യ തൊഴിൽ പരിശീലനം<br>5. 7-ാം ക്ലാസ്സ് മുതൽ പോസ്റ്റ്ഗ്രാഡ്വേഷൻ വരെയുള്ള ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.<br>6. ട്രാൻസ്ജെന്ററുകളുടെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിനായി കലോത്സവം<br>7. 6 ജില്ലകളിൽ സേഫ്റ്റി ഹോം (കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്)<br>8. സാക്ഷരതാമിഷൻ വഴി തുടർ വിദ്യാഭ്യാസ പദ്ധതി<br>9. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെന്ററുകൾക്ക് കെയർ ഹോം (തിരുവനന്തപുരം ജില്ല)<br>10 ട്രാൻസ്ജെന്റർ ക്രൈസിസ് മാനേജ്മെന്റ് സെൽ (ട്രാൻസ്ജെന്റർ സെൽ) |
| (ബി) ഇതിനായി ട്രാൻസ്ജൻഡേഴ്സ് സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. 20.02.2018 ലെ സ.ഉ(സാധാ)നം.86/2018/സാനീവ പ്രകാരം ട്രാൻസ്ജെന്റേഴ്സ് സെൽ രൂപീകരണത്തിനും അനുബന്ധ പ്രവർത്തനത്തിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കുന്ന ട്രാൻസ്ജെന്റർ സെല്ലിന്റെ പ്രവർത്തനം ഫെബ്രുവരി അവസാന വാരത്തോടെ വികാസ്ഭവനിലെ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ആരംഭിക്കുന്നതാണ്. |

| | |
|---|---|
| (സി) ട്രാൻസ്ജൻഡേഴ്സിനെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവർക്കായുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത സെല്ലിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ട്രാൻസ്ജെന്റർ സെല്ലിൽ ചുവടെപ്പറയുന്ന സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;<br>1. ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനായി ട്രാൻസ്ജെന്റർ പോളിസി വിഭാവനം ചെയ്യുന്ന എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുക.<br>2. സംസ്ഥാന ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡ്, ജില്ലാതല ട്രാൻസ്ജെന്റർ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിക്കുകയും തീരുമാനങ്ങളിൽ തുടർനടപടികൾ നടത്തുകയും ചെയ്യുക<br>3. ആവശ്യമായ ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകി നടപ്പാക്കുക.<br>4. ട്രാൻസ്ജെന്റർ ക്ഷേമത്തിനായി വകയിരുത്തുന്ന പദ്ധതി തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പ് വരുത്തിക്കൊണ്ടുള്ള പ്രോഗ്രാമുകൾ, പദ്ധതികൾ പരിപാടികൾ ഇവ ആവിഷ്കരിച്ച് നടപ്പാക്കുക.<br>5. വിവിധ വകുപ്പുകളുടെ പദ്ധതികൾ ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായി ഏകീകരിച്ച് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>6. ട്രാൻസ് ജെന്റർ വിഭാഗത്തിന്റെ ഡാറ്റാബേസ് തയ്യാറാക്കി ഡിജിറ്റൈസ് ചെയ്യുകയും കൃത്യമായ ഇടവേളകളിൽ അപ്ഡേഷൻ വരുത്തി സൂക്ഷിക്കുകയും ചെയ്യുക.<br>7. സംസ്ഥാന ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡ്, ജില്ലാ ട്രാൻസ്ജെന്റർ കമ്മിറ്റികളുടെ പ്രവർത്തന റിപ്പോർട്ടുകൾ ശേഖരിക്കുകയും വാർഷിക/ അർദ്ധവാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുക<br>8. ആവശ്യമുള്ള മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ